ചിന്നു ജനാർദ്ദനൻ
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
ടിമ്പർ സെയിൽസ് ഡിവിഷൻ, പെരുമ്പാവൂർ
മുടിയ്ക്കൽ. പി.ഒ, പിൻ: 683 547
ഫോൺ നം: 0484-2522219
ഇ-മെയിൽ: *dfo-ts-pbvr.for@kerala.gov.in*

നമ്പർ:കെ.1966/16

തീയതി: 22.10.2018.

## ലേല പരസ്യം

പെരുംമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലെ താഴെ പറയുന്ന ഡിപ്പോകളിൽ വിവിധ കേസുകളിൽപ്പെട്ട തൊണ്ടി വകകൾ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11 മണിക്ക് അതാത് ഡിപ്പോകളിൽ വച്ച് പെരുംമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. 10.12.2013ലെ 49–ാം നമ്പർ കേരള ഗസറ്റിൽ പേജ് നമ്പർ 815ലെ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച തിരുവനന്തപുരം സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.11.2013ലെ പ്രൊ.(5) 26274/12 നമ്പർ ലേല വിജ്ഞാപന പ്രകാരമുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാതു സമയത്തു നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഈട്ടി,തേക്ക് എന്നിവ യ്ക്ക് 20,000/– രൂപയും മറ്റ് തടികൾക്ക് 10,000/– രൂപ എന്ന നിരക്കിലും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വനവിഭവങ്ങൾ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല തീയതിക്ക് മുൻപു തന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വന വിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിനു ശേഷം യാതൊരുവിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും നികുതികളും ലേല ദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്കു ദിവസമായോ വരുന്ന പക്ഷം ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതാണ്. താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള ആദ്യ തീയതിയിൽ തൊണ്ടിത്തടികളുടെ വിൽപ്പന നടന്നില്ലായെങ്കിൽ തുടർന്നുള്ള തീയതികളിൽ ടി ലേലം നടത്തുന്നതാണ്.

**പട്ടിക**

| ഡിപ്പോയുടെ പേര് | തീയതികൾ | സമയം |
|---|---|---|
| മുടിക്കൽ | 12.12.2018, 19.12.2018 & 28.12.2018 | രാവിലെ 11 മണി |
| ചാലക്കുടി | 17.12.2018, 20.12.2018 & 27.12.2018 | രാവിലെ 11 മണി |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
ടിംബർ സെയിൽസ് ഡിവിഷൻ, പെരുംബാവൂർ.

## ടിംബർ സെയിൽസ് ഡിവിഷൻ, പെരുമ്പാവൂർ

## വിൻഡോ നമ്പർ.കെ.1966/16 തീയതി 22.10.2018

## തൊണ്ടി ലേല പരസ്യം

പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനു കീഴിലെ മുടിക്കൽ, ചാലക്കുടി ഡിപ്പോകളിൽ നടത്തുന്ന തൊണ്ടി വഹകളുടെ ലേലം

| ഡിപ്പോയുടെ പേര് | തീയതി | സമയം |
|---|---|---|
| മുടിക്കൽ | 12.12.2018,<br>19.12.2018 & 28.12.2018 | രാവിലെ 11 മണി |
| ചാലക്കുടി | 17.12.2018,<br>20.12.2018 & 27.12.2018 | രാവിലെ 11 മണി |

വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക :

പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷൻ : 0484 – 2522219.
മുടിക്കൽ ഡിപ്പോ : 0484 – 2596064.
ചാലക്കുടി ഡിപ്പോ : 0480 – 2706440.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
ടിംബർ സെയിൽസ് ഡിവിഷൻ, പെരുമ്പാവൂർ.